**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സാംസ്കാരികോത്സവം കലാ കായിക രംഗത്ത് മികവ് തെളിയിച്ചവർക്കുള്ള ധനസഹായം നൽകൽ എന്നിവക്ക് തുക ചെലവഴിക്കുന്നതിനു അനുമതി നൽകി --ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2855/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം,**
**തീയതി, 16/12/2019**

---

പരാമർശം:- അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01/11/2019 ലെ കത്ത്.

**<u>ഉത്തരവ്</u>**

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് 2019-20 വാർഷിക പദ്ധതിയിൽ സാംസ്കാരികോത്സവം പ്രോജക്ട് നമ്പർ- 87/2019 (അടങ്കൽ തുക ഒരു ലക്ഷം രൂപ) എന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. നാടൻ കലകളുടെ സംഗമം, കലാകായിക രംഗത്ത് മികവ് തെളിയിച്ചവരെ ആദരിക്കൽ എന്നിവ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും, പദ്ധതി മാർഗ്ഗ രേഖയിൽ തുക ചെലവഴിക്കാവുന്ന കാര്യങ്ങളിൽ വ്യക്തത കുറവുള്ളതിനാൽ കലാകാരന്മാർക്ക് പ്രോൽസാഹന ധന സഹായം, കലാ കായിക രംഗത്ത് മികവ് തെളിയിച്ചവർക്ക് ധനസഹായം , പ്രചാരണം, വേദി ഒരുക്കൽ, ഭക്ഷണം എന്നി കാര്യങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-20 വാർഷിക പദ്ധതിയിൽ സാംസ്കാരികോത്സവം പ്രോജക്ട് നമ്പർ- 87/2019 എന്ന അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി കലാകാരന്മാർക്ക് പ്രോൽസാഹന ധന സഹായം, കലാ കായിക രംഗത്ത് മികവ് തെളിയിച്ചവർക്ക് ധനസഹായം , പ്രചാരണം, വേദി ഒരുക്കൽ, ഭക്ഷണം എന്നീ കാര്യങ്ങൾക്ക് പദ്ധതി തുകയായ 1,00,000/- രൂപ (ഒരു ലക്ഷം രൂപ)ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി , അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

ഗ്രാമ വികസന കമ്മീഷണർ , തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

Remedios

**സെക്ഷൻ ഓഫീസർ**